**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1412** **10-10-2024 - ൽ മറുപടിയ്ക്ക്**

**എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എൽ.പി., യു.പി., ഹൈസ്കൂൾ എന്നീ വിഭാഗങ്ങളിലായി എയ്ഡഡ് സ്കൂൾ അദ്ധ്യാപകനാവാൻ ആവശ്യമായ യോഗ്യതകൾ എന്തൊക്കെയാണെന്ന് തരംതിരിച്ച് നൽകുമോ; എയ്ഡഡ് സ്കൂളിൽ അദ്ധ്യാപക നിയമനം അംഗീകരിക്കപ്പെടാൻ എടുക്കുന്ന കാലതാമസം എത്രയാണ് എന്നറിയിക്കുമോ; ഇത്തരം നിയമനങ്ങൾ സർക്കാർ അംഗീകരിക്കുന്നതിനാവശ്യമായ നടപടിക്രമം എന്തൊക്കെയാണെന്ന് വിശദമാക്കുമോ; കെ.ഇ.ആർ ചട്ടങ്ങൾ നിയമനത്തിന് ബാധകമാണോ എന്നറിയിക്കുമോ; വിശദാംശം നൽകുമോ; | (എ) | എയ്ഡഡ് സ്കൂൾ അധ്യാപകനാവാനുള്ള യോഗ്യതകൾ:-<br><br>എൽ.പി വിഭാഗം - SSLC, TTC/D Ed/D El Ed, K.TET-1<br><br>യു.പി വിഭാഗം - SSLC, TTC/D Ed/D El Ed/B.Ed, K.TET- 2<br><br>യു.പി (ഭാഷാവിഷയം) SSLC, D. El. Ed(Lang), K.TET- 4<br><br>ഹൈസ്കൂൾ വിഭാഗം- Degree and B.Ed in concerned subject, K.TET- 3<br><br>പ്രായപരിധി - 18 ന് മേൽ 40 നകം. (സംവരണ വിഭാഗങ്ങൾക്ക് ഇളവുണ്ട്)<br><br>GO(P)No.76/80/GEDN Dated 06-06-1980 പ്രകാരം ഗവൺമെന്റ്, എയ്ഡഡ് സ്കൂൾ/ അധ്യാപകരുടെ യോഗ്യതകൾ ഏകീകരിച്ചിട്ടുണ്ട്. യോഗ്യതകൾ സംബന്ധിച്ച വിശദവിവരങ്ങൾ കെ. ഇ. ആർ അധ്യായം 31-ൽ പ്രതിപാദിച്ചിട്ടുണ്ട്. അധ്യാപകനിയമനം അംഗീകരിക്കുന്നതിന് കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ 30 ദിവസമാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ മാനേജർമാർ സംരക്ഷിതരെ നിയമിക്കാതിരിക്കുന്നതും ഭിന്നശേഷി നിയമനം നടത്താതിരിക്കുന്നതും തസ്തികനിർണ്ണയത്തിന് കൂടുതൽ സമയം വേണ്ടിവരുന്നതും യോഗ്യത ഇല്ലാതെ നിയമനങ്ങൾ നടത്തുന്നതും നിയമന അംഗീകാരം സംബന്ധിച്ച കോടതി കേസുകളും പോലുള്ള കാരണങ്ങളാൽ അനുകൂല തീർപ്പ് സാധിക്കാതെ വരികയും അംഗീകാരം സംബന്ധിച്ച് അന്തിമ |

| | | | |
|---|---|---|---|
| | | | തീർപ്പുണ്ടാകുന്നതിന് വളരെയധികം സമയം വേണ്ടിവരികയും ചെയ്യുന്നുണ്ട്.<br><br>മാനേജർ നിയമനം നടത്തിയാൽ 15 ദിവസത്തിനകം ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസർക്ക് സമന്വയ വെബ് സൈറ്റ് മുഖാന്തിരം ആവശ്യമായ രേഖകൾ സഹിതം ഒരു പ്രപോസൽ അംഗീകാരത്തിനായി സമർപ്പിക്കണം. തസ്തികയും യോഗ്യതയും സർക്കാർ ഉത്തരവുകളും പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസർ അതിൽ തീരുമാനം കൈക്കൊള്ളും. പ്രസ്തുത തീരുമാനം എതിരായാൽ മേലധികാരിക്ക് അപ്പീൽ സമർപ്പിക്കാം. ആയതിലെ തീരുമാനവും എതിരായാൽ പൊതുവിദ്യാഭ്യാസ ഡയറക്ടർക്കോ സർക്കാറിനോ റിവിഷൻ അപ്പീൽ സമർപ്പിക്കാം.<br><br>നിയമനാംഗീകാരം കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പ്രകാരമാണ് നൽകുന്നത്. (അധ്യായം XIV A ചട്ടം 8, 8എ, 43, 51എ, 51ബി, 92, 93, അധ്യായം XXI ചട്ടം 7, അധ്യായം XXIV B എന്നിവ അവയിൽ പ്രധാനമാണ്). |
| (ബി) | എറണാകുളം നിയോജകമണ്ഡലത്തിലെ എയ്ഡഡ് സ്കൂളുകളിൽ 2018 മുതൽ 2024 വരെ ലഭ്യമായിട്ടുള്ള അദ്ധ്യാപക നിയമന അപേക്ഷകൾ എത്രയെന്ന് തരംതിരിച്ച് അറിയിക്കുമോ; എറണാകുളം ഉപവിദ്യാഭ്യാസ ഓഫീസറുടെ പരിധിയിൽ 2018 മുതൽ 2024 വരെ എത്ര അപേക്ഷകളാണ് ലഭ്യമായിട്ടുള്ളതെന്ന് തരംതിരിച്ച് അറിയിക്കുമോ; ഇപ്രകാരം ലഭ്യമായ അദ്ധ്യാപക നിയമന അപേക്ഷകളിൽ എത്ര അപേക്ഷകളാണ് മേല്പറഞ്ഞ കാലഘട്ടത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതെന്നും നിരസിക്കപ്പെട്ടിട്ടുള്ളതെന്നും തരംതിരിച്ച് അറിയിക്കുമോ; മേല്പറഞ്ഞ കാലാവധിയിൽ കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് എഡ്യൂക്കേഷണൽ ഏജൻസി, എഫ്.സി.സി. കോൺഗ്രിഗേഷൻ, സേക്രഡ് ഹാർട്ട് പ്രൊവിൻസ് എറണാകുളം-ക്ലാരപുരം ആലുവ -യിൽ നിന്നും സമർപ്പിച്ച അദ്ധ്യാപക നിയമന അപേക്ഷകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം തരംതിരിച്ച് നൽകുമോ? | (ബി) | എറണാകുളം നിയോജക മണ്ഡലത്തിലെ എയ്ഡഡ് സ്കൂളുകളിൽ 2018 മുതൽ 2024 വരെയുള്ള അദ്ധ്യാപക നിയമന അപേക്ഷകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 1 ലും മേല്പറഞ്ഞ കാലാവധിയിൽ കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് എഡ്യൂക്കേഷണൽ ഏജൻസി, എഫ്.സി.സി. കോൺഗ്രിഗേഷൻ, സേക്രഡ് ഹാർട്ട് പ്രൊവിൻസ് എറണാകുളം- ക്ലാരപുരം ആലുവ -യിൽ നിന്നും സമർപ്പിച്ച അദ്ധ്യാപക നിയമന അപേക്ഷകളുടെ വിശദാംശം അനുബന്ധം 2 ലും ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം- 1**

| കാലഘട്ടം | 2018 മുതൽ 2024 വരെ ലഭിച്ച അപേക്ഷകൾ | അംഗീകരിച്ചത് | നിരസിച്ചത് |
|---|---|---|---|
| 2018-2019 | 27 | 24 | 3 |
| 2019-2020 | 76 | 37 | 39 |
| 2022-2023 | 31 | 15 | 16 |
| 2023-2024 | 44 | 25 | 19 |
| ആകെ | 178 | 101 | 77 |

**അനുബന്ധം- 2**

| കാലഘട്ടം | 2018 മുതൽ 2024 വരെ ലഭിച്ച അപേക്ഷകൾ | അംഗീകരിച്ചത് | നിരസിച്ചത് |
|---|---|---|---|
| 2018-2019 | 2 | 2 | 0 |
| 2022-2023 | 1 | 1 | 0 |
| 2023-2024 | 1 | 0 | 1 |
| 2024-2025 | 3 | 0 | 3 |

**സെക്ഷൻ ഓഫീസർ**